**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **2215** | **14.06.2019** - ൽ മറുപടിക്ക് |
|---|---|

## പ്രളയ സെസ്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. പാറക്കൽ അബ്ദുല്ല : | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | പ്രളയാനന്തര പുനർനിർമ്മാണത്തിന് പണം കണ്ടെത്താൻ പ്രളയ സെസ് പിരിക്കുന്നകാര്യം പരിഗണനയിലുണ്ടോ ; | (എ) യും (ബി) യും | പ്രളയാനന്തര പുനർനിർമ്മാണത്തിന് പണം കണ്ടെത്താൻ പ്രളയ സെസ്സ് 2019 ജൂലൈ 1 മുതൽ പിരിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. ഇതിലൂടെ പ്രതിവർഷം 600 കോടി രൂപ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | എങ്കിൽ എന്നു മുതൽ ഇത് പിരിച്ചു തുടങ്ങും ; എത്ര രൂപയാണ് ഇതിലൂടെ കണ്ടെത്താൻ ഉദ്ദേശിക്കുന്നത് ; | | |
| (സി) | അഞ്ച് ശതമാനത്തിനു മുകളിൽ നികുതി ബാധകമായ എല്ലാ ഇനങ്ങൾക്കും സെസ് ചുമത്തുമോ ; ഇതിന് ജി.എസ്.ടി. കൗൺസിലിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ ; | (സി) | 12%വും അതിൽ കൂടുതലും നികുതി നിരക്ക് ഉള്ള എല്ലാ ചരക്കുകൾക്കും, 5%-ത്തിൽ കൂടുതൽ നികുതി നിരക്ക് ഉള്ള എല്ലാ സേവനങ്ങൾക്കും 1% നിരക്കിൽ സെസ്സ് ബാധകമാണ്. എന്നാൽ 5-ാം പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള സ്വർണ്ണാഭരണ മുൾപ്പെടെയുള്ള ചരക്കുകൾക്ക് 0.25% നിരക്കിൽ സെസ്സ് ബാധകമാണ്. ചരക്കുസേവന നികുതി കൗൺസിലിന്റെ അംഗീകാരത്തോടു കൂടിയാണ് സെസ്സ് ചുമത്തുന്നത്. |
| (ഡി) | ഇത് വിലക്കയറ്റത്തിന് കാരണമാകുമെന്ന ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇല്ലെങ്കിൽ വിശദാംശം നൽകുമോ ? | (ഡി) | ചരക്കുകളുടെ അന്തിമ വിൽപ്പന ഘട്ടത്തിലാണ് സെസ്സ് ചുമത്തുന്നത്. എന്നാൽ സംസ്ഥാനത്തിനകത്ത് സെസ്സ് നടപ്പിലാക്കുമ്പോൾ വിലക്കയറ്റം ഉണ്ടാകാതിരിക്കാൻ 5% മാത്രം ചരക്ക സേവന നിരക്ക് ബാധകമായ എല്ലാ നിത്യോപയോഗ സാധനങ്ങളെയും സെസ്സ് പിരിക്കേണ്ട ഉൽപ്പന്നങ്ങളുടെ വിഭാഗത്തിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**